**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6881** **21-03-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ വില്ലേജുകളിൽ ഡിജിറ്റൽ റീസർവേ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 2022 നവമ്പർ മാസം ആരംഭിച്ച ഡിജിറ്റൽ റീസർവ്വെ പദ്ധതി പ്രകാരം ആദ്യത്തെ മൂന്ന് വർഷം 400 വില്ലേജുകൾ വീതവും , നാലാം വർശം 350 വില്ലേജുകളും സർവ്വെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ 4 വർഷം കൊണ്ട് പൂർത്തിയാക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടത്തിൽ 200 വില്ലേജുകളിലാണ് ഡിജിറ്റൽ റീസർവ്വെ ആരംഭിച്ചിട്ടുള്ളത് . ടി പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത നിയോജക മണ്ഡലത്തിലെ വില്ലജുകളെ ടി പദ്ധതിയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി ഡിജിറ്റൽ റീസർവ്വെ പൂർത്തിയാക്കുന്നതിനാണ് ലക്ഷമിടുന്നത്. |
| (ബി) | ഡിജിറ്റൽ റീസർവേയുടെ ഒന്നാം ഘട്ടത്തിൽ എറണാകുളം ജില്ലയിലെ ഏതെല്ലാം വില്ലേജുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ഡിജിറ്റൽ റീസർവ്വെയുടെ ഒന്നാം ഘട്ടത്തിൽ എറണാകുളം ജില്ലയിലെ ഇടക്കൊച്ചി, മട്ടാഞ്ചേരി, പള്ളുരുത്തി, തോപ്പുംപടി, ഫോർട്ട് കൊച്ചി, കണയന്നൂർ, തിരുവാങ്കുളം, പൂണിത്തുറ, ആമ്പല്ലൂർ, പല്ലാരിമംഗലം, മണീട്, രാമമംഗലം, വാളകം എന്നീ 13 വില്ലേജുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ